**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2082** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിൽ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ബസ്സുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ വി ജോയി</td><td colspan="2">ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സി.യുടെ ഡീസൽ ബസുകളിൽ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്ത് സർവ്വീസ് നടത്തുന്ന എത്ര ബസുകൾ ഉണ്ടെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>കെ.എസ്.ആർ.ടി.സി.യുടെ 5 ഡീസ്സൽ ബസ്സുകളുടെ കൺവേർഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ രണ്ട് ബസ്സുകൾ ആലുവ യൂണിറ്റിൽ നിന്നും സർവ്വീസ് നടത്തി വരുന്നു. ബാക്കി 3 ബസ്സുകളിൽ 2 എണ്ണം സർവ്വീസ് ആരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഒരു ബസ്സിന്റെ കൺവേർഷൻ പൂർത്തീകരിച്ച് RC endorsement നടപടിക്രമം നടന്നു വരുന്നു.</td></tr>
<tr><td>(ബി)</td><td>സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തിയ ബസുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ സാമ്പത്തിക ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?</td><td>(ബി)</td><td>സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തി സർവ്വീസ് നടത്തി വരുന്ന ബസ്സുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തി വരുന്നു. നിലവിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>SL. NO.</th><th>Bus No.</th><th>Period</th><th>KM operate</th><th>CNG used</th><th>Km/ Kg</th><th>Previous HSD KMPL of Bus</th></tr>
<tr><td>1</td><td>RSK 168</td><td>09/06/22 to 28/11/22</td><td>35092</td><td>8292.5</td><td>4.23</td><td>4.35</td></tr>
<tr><td>2</td><td>RSA 53</td><td>14/10/22 to 28/11/22</td><td>12572</td><td>3306.6</td><td>3.80</td><td>4.07</td></tr>
</table>
മേൽ ബസ്സുകളുടെ പ്രാഥമിക വിലയിരുത്തൽ മാത്രമാണ് നടന്നു വരുന്നത്. വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാമ്പത്തിക ലാഭം കണക്കാക്കാൻ സാധിക്കുകയുള്ളൂ.<br><br>നിലവിൽ എറണാകുളത്ത് ഡീസ്സലും സി.എൻ.ജി.യും തമ്മിലുള്ള വില വ്യത്യാസം 3.70 (Retail HSD നിരക്കുമായി) രൂപ മാത്രമാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ